പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1064

14/06/2012-ൽ മറുപടി
നല്കേണ്ടത്

## ഐ.റ്റി.ഐ. കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി

ചോദ്യം

ശ്രീ. ജി. സുധാകരൻ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പുറക്കാട് ഐ.റ്റി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പുറക്കാട് പഞ്ചായത്തിൽ ലഭ്യമായ റവന്യൂഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂ വകുപ്പ് മന്ത്രി)

(എ) പുറക്കാട് ഐ.റ്റി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പുറക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്. അപേക്ഷാവസ്തു പുറക്കാട് വില്ലേജിൽ ബ്ലോക്ക് 21 റീസർവെ 123/2 ൽപ്പെട്ട 12 ഏക്കർ പുറമ്പോക്ക് വസ്തു ആണ്. ആയത് വെള്ളക്കെട്ടായി കാണുന്നതിനാൽ നികത്തിയെടുത്തെങ്കിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ